# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026




# GHS VARAMBETTA

SCHOOL CODE : 15084
ghsvarambetta@gmail.com
VARAMBETTA PO,
673525

# ചരിത്രം

വയനാട് ജില്ലയിലെ മാനന്തവാടി താലൂക്ക് വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന ഗ്രാമ പ്രദേശമാണ് വാരാമ്പറ്റ. ഇവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും കാർഷികവൃത്തിയെ ആശ്രയിച്ച് കഴിയുന്നവരാണ്. ജനസംഖ്യയിൽ ഭൂരിപക്ഷവും മുസ്ലിം ന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവരാണ്. കൂടാതെ വലിയ നരിപ്പാറ, ചെറിയ നരിപ്പാറ, വാളാരംകുന്ന്, കൊച്ചാറ, പെരിങ്ങോട്ട്കുന്ന്, അംബേദ്കർ, ചെല്ലിയാംകുന്ന് തുടങ്ങിയ കോളനികളിൽ അധിവസിക്കുന്ന പണിയ കുറിച്യ കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ട ആദിവാസി ജനവിഭാഗങ്ങളും ഇവിടങ്ങളിൽ വളരെ കൂടുതലായുണ്ട്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തെ ഏക സർക്കാർ വിദ്യാഭ്യാസ സ്ഥാപനമാണ് വാരാമ്പറ്റ ഗവൺമെന്റ് ഹൈസ്കൂൾ. 1918 ൽ വാരാമ്പറ്റയ്ക്കടുത്ത ചീരോംകുന്നിൽ ഏക അധ്യാപക വിദ്യാലയമായാണ് ഈ സർക്കാർ വിദ്യാലയത്തിന്റെ തുടക്കം. പിന്നീട് ശക്തമായ കാലവർഷത്തിൽ സ്കൂളിന് സാരമായ കേടുപാടുകൾ സംഭവിച്ചതിനാൽ സ്കൂൾ അവിടെ നിന്ന് മാറ്റി പരിശുദ്ധമായ വാരാമ്പറ്റ മഖാമിനോട് ചേർന്നുള്ള സ്ഥലത്ത് ഉദാരമതികളായ നാട്ടുകാരുടെ നിർലോഭമായ സഹായസഹകരണങ്ങളിലൂടെ സ്ഥാപിതമാകുകയും ചെയ്തു. വളരെ കാലത്തോളം എൽ പി സ്കൂളായി പ്രവർത്തിക്കുകയും 1983 ൽ നാട്ടുകാരുടെ ശക്തമായ ആവശ്യത്തെത്തുടർന്ന് യു.പി സ്കൂളായി ഉയർത്തുകയും ചെയ്തു. സ്കൂളിൽ 7ാം ക്ലാസ് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് ഹൈസ്കൂൾ പഠനത്തിനായി 6 ഉം 7 ഉം കിലോമീറ്റർ ദൂരപരിധിയിൽ സ്ഥിതി ചെയ്യുന്ന പടിഞ്ഞാറത്തറ ഹൈസ്കൂളിനെയും വെള്ളമുണ്ട ഹൈസ്കൂളിനെയും ആയിരുന്നു ആശ്രയിക്കേണ്ടി വന്നിരുന്നത്. ഇത് കുട്ടികൾക്കും രക്ഷിതാക്കൾക്കും വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ആയതിനാൽ തന്നെ പി ടി എ യും നാട്ടുകാരും സ്കൂളിനെ ഹൈസ്കൂളായി ഉയർത്താൻ അശ്രാന്ത പരിശ്രമം നടത്തുകയും നാട്ടുകാരിൽ നിന്നായി ഹൈസ്കൂളിന് വേണ്ടിയുള്ള സ്ഥലം സംഭാവനയായി ലഭ്യമാക്കുകയും ചെയ്തു. തുടർന്നും പി ടി എ യുടെ നേതൃത്വത്തിൽ ഹൈസ്കൂളിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടർന്ന് കൊണ്ടേയിരുന്നു. ഒടുവിൽ 2012-13 അധ്യയന വർഷത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ R M S A പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളിനെ ഹൈസ്കൂളായി പ്രഖ്യാപിച്ചതോടെ നാട്ടുകാരുടെയും രക്ഷിതാക്കളുടെയും ചിരകാലാഭിലാഷം പൂവണിഞ്ഞു. ഇതിനിടയിൽ നഴ്സറി ക്ലാസുകളും സ്കൂളിൽ ആരംഭിക്കുകയുണ്ടായി.

ഇത്തരത്തിൽ നഴ്സറി തലം മുതൽ 10ാം തരം വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ നേടിയെടുക്കാൻ ഗ്രാമവാസികൾക്ക് സാധ്യമായി തീർന്ന എന്ന യാഥാർത്യം നിലനിൽക്കെത്തന്നെ ഈ പ്രദേശത്തെ വിദ്യാഭ്യാസ രംഗത്തെ സമഗ്ര വികസനം സാധ്യമാക്കിത്തീർക്കാൻ ഇനിയും ധാരാളം സൗകര്യങ്ങൾ സ്കൂളിന് കൈവരിക്കാനുണ്ട്. സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ നിലവാരം ഏറ്റവും മികവുറ്റതാക്കി ശാസ്ത്രസാങ്കേതിക രംഗത്തെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ആധുനിക കാലഘട്ടം വിഭാവനം ചെയ്യുന്നത് പോലെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ സ്കൂളിന് സാധ്യാമാവേണ്ടതുണ്ട്. തീർച്ചയായും ഇത്തരത്തിൽ സ്കൂൾ മാറുമ്പോൾ അത് ഈ പ്രദേശത്ത് ഇപ്പോൾ നിലനിൽക്കുന്ന വിദ്യാഭ്യാസ രംഗത്തെ അസമത്വം ഇല്ലാതാക്കാൻ സാധിക്കുക തന്നെ ചെയ്യും. വാരാമ്പറ്റ പ്രദേശത്തെ സാമ്പത്തികമായി ഉയർന്ന് നിൽക്കുന്ന ഒരു വിഭാഗം രക്ഷിതാക്കളുടെ കുട്ടികൾ ഹൈടെക് സൗകര്യങ്ങൾ ലഭ്യമായ സ്കൂളുകൾ തേടിപ്പോകുമ്പോൾ സാധാരണക്കാരിൽ സാധാരണക്കാരായ ഇവിടുത്തെ ബഹുഭൂരിപക്ഷം കുട്ടികൾക്കും കാഴ്ചക്കാരെപ്പോലെ നിസ്സഹായരായി നോക്കി നിൽക്കേണ്ടി വരുന്ന അവസ്ഥയിൽ നിന്നുള്ള മോചനമായിരിക്കും അത്. അതോടൊപ്പം തന്നെ ഇന്ത്യക്കകത്തു നിന്നും പുറത്ത് നിന്നുമായി നിരവധി സഞ്ചാരികൾ എത്തിച്ചേരുന്ന ഏഷ്യയിലെ രണ്ടാമത്തെയും ഇന്ത്യയിലെ ഒന്നാമത്തെയും മണ്ണ കൊണ്ട് നിർമ്മിച്ച ബാണാസുര ഡാം സ്ഥിതി ചെയ്യുന്നത് സ്കൂളിന്റെ 2 കിലോമീറ്റർ പരിധിക്കുള്ളിലാണ്. സ്കൂളിന്റെ മുൻവശത്തുള്ള റോഡിലൂടെയാണ് സഞ്ചാരികൾ ഈ വിനോദ സഞ്ചാര കേന്ദ്രത്തിൽ എത്തിച്ചേരുന്നത്. വാരാമ്പറ്റ സ്കൂളിനെ ഹൈടെക് സംവിധാനത്തിലേക്ക് മാറ്റുമ്പോൾ അത് ലോകശ്രദ്ധ പിടിച്ചു പറ്റുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പലപ്പോഴും സ്കൂളിൽ വരാൻ വിമുഖത കാണിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളെ മുഴുവനായും സ്കൂളിലേക്ക് ആകർഷിക്കാൻ സാധിക്കുകയും ചെയ്യും. സ്കൂളിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്ന തെങ്ങുംമുണ്ട ഗവ: എൽ പി സ്കൂൾ, മൊതക്കര ഗവ: എൽ പി സ്കൂൾ, പടിഞ്ഞാറത്തറ ഇവാഞ്ചലിക്കൽ എൽ പി സ്കൂൾ എന്നിവിടങ്ങളിലെ കുട്ടികളെ മുഴുവനായും വാരാമ്പറ്റ സ്കൂളിലേക്കു തന്നെ എത്തിക്കാനും സാധിക്കും. നിലവിൽ 3 ഏക്കർ സ്ഥലത്തായാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കൂടുതൽ സ്ഥല സൗകര്യം സ്കൂളിനോട് ചേർന്ന് തന്നെ ലഭ്യമാക്കാനുള്ള സാഹചര്യം നിലവിലുണ്ട്. ഇത് പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ കെട്ടിട സൗകര്യങ്ങൾ അനുവദിക്കപ്പെടുകയാണെങ്കിൽ വയനാട് ജില്ലയിൽ തികച്ചും അവികസിതമായി കിടക്കുന്ന വാരാമ്പറ്റ ഗ്രാമത്തിന്റെ വികസനത്തെ

സംബന്ധിച്ചും ഇവിടുത്തെ ബഹുഭൂരിപക്ഷം വരുന്ന നിർധന കുടുമബത്തിലെ കുട്ടികളെ സംബന്ധിച്ച് അവരുടെ ഭാവി ജീവിതത്തെ ശോഭനമാക്കി തീർക്കാനുള്ള ഒരു കാൽവെപ്പായി തീരുക തന്നെ ചെയ്യും. ഹൈടെക് സംവിധാനത്തിലേക്ക് സ്കൂളിനെ ഉയർത്തുവാനുള്ള പ്രവർത്തനങ്ങളിൽ രക്ഷിതാക്കളും നാട്ടുകാരും അധ്യാപകരും സർവ്വാത്മനാ പിന്തുണക്കുകയും അതിനു വേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യും.

## വിദ്യാലയം സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് - ജി എച്ച് എസ് വാരാമ്പറ്റ

വിലാസം - വാരാമ്പറ്റ പി ഒ,വയനാട്, 673575

റവന്യൂ ജില്ല – വയനാട്

ഇ-മെയിൽ – ghsvarambetta@gmail.com

സ്കൂൾ കോഡ് - 15084

ക്ലാസ്സ് - LKG മുതൽ SSLC വരെ

വിദ്യാഭ്യാസ ഉപജില്ല – മാനന്തവാടി

വിദ്യാഭ്യാസ ജില്ല - വയനാട്

സ്കൂൾ സ്ഥാപിച്ച വർഷം - 1918

റൂറൽ / അർബൻ - റൂറൽ

ബ്ലോക്ക് - മാനന്തവാടി

താലൂക്ക് - മാനന്തവാടി

പഞ്ചായത്ത് - വെള്ളമുണ്ട

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | ഡിവിഷനുകളുടെ എണ്ണം |
|---|---|---|
| **1** | **81** | **3** |
| **2** | **80** | **3** |
| **3** | **79** | **3** |
| **4** | **76** | **3** |
| **5** | **127** | **4** |
| **6** | **112** | **4** |
| **7** | **113** | **4** |
| **8** | **122** | **4** |
| **9** | **81** | **2** |
| **10** | **91** | **2** |

## ഭൗതിക സാഹചര്യങ്ങൾ

| | |
|---|---|
| ക്ലാസ്സ് മുറി | **50** |
| സയൻസ് ലാബ് | **1** |
| കംപ്യൂട്ടർ ലാബ് | **1** |
| ലൈബ്രറി | **1** |
| പ്രീ പ്രൈമറി | **4** |
| അടുക്കള | **1** |
| സ്റ്റോർ | **1** |
| **SPC** റൂം | **1** |
| ഓഫീസ് റൂം | **1** |
| സ്റ്റേജ് | **1** |
| പാർക്ക് | **1** |
| സ്കൂൾ ബസ് | **1** |

## അധ്യാപകരുടെയും ജീവനക്കാരുടെയും വിവരങ്ങൾ

| വിഭാഗം | എണ്ണം |
|---|---|
| പ്രധാനാധ്യാപിക | 1 |
| ഓഫീസ് സ്റ്റാഫ് | 4 |
| അധ്യാപകർ (LP) | 14 |
| അധ്യാപകർ (UP) | 14 |
| അധ്യാപകർ (HS) | 13 |
| സ്പെഷലിസ്റ്റ് അധ്യാപകർ | 3 |
| ബസ് ഡ്രൈവർ | 1 |
| പാചകപ്പുരയിലെ ജീവനക്കാർ | 2 |
| ആകെ | 58 |

<u>ക്ലബ് പ്രവർത്തനങ്ങൾ</u>

- **SPC**
- **LITTLE KITES**
- **JRC**
- സയൻസ് ക്ലബ്
- പരിസ്ഥിതി ക്ലബ്
- ഗണിത ക്ലബ്
- ഇംഗ്ലീഷ് ക്ലബ്
- ഹിന്ദി ക്ലബ്
- സാമൂഹ്യ ശാസ്ത്ര ക്ലബ്
- വിദ്യാരംഗം സാഹിത്യ വേദി
- **HEALTH CLUB**
- **TEENS CLUB**
- **DM CLUB**
- ലഹരി വിമുക്ത ക്ലബ്

## വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ

1 ഗോത്ര കുട്ടികൾ ഹാജരാകാത്ത അവസ്ഥ

2 ഗോത്ര വർഗ്ഗ കുട്ടികൾക്ക് വീടുകളിൽ വേണ്ടത്ര പഠനാന്തരീക്ഷം ഇല്ലാത്ത അവസ്ഥ

3 കുട്ടികളുടെ ഭാഷാപരമായ പ്രശ്നങ്ങൾ (മലയാളം , ഇംഗ്ലീഷ്, ഹിന്ദി)

4 പഠനത്തോട് താല്പര്യമില്ലായ്മ

5 ആരോഗ്യപ്രശ്നങ്ങളും പഠന പിന്നോക്കാവസ്ഥയും

## ലക്ഷ്യങ്ങൾ

1. ഹാജരില്ലായ്മ പരിഹരിക്കുന്നതിന് " കുട്ടിയും കോലും" പദ്ധതി വേണ്ട രീതിയിൽ നടപ്പിലാക്കുക

2. ചിട്ടയായ പരിശീലങ്ങൾ ,കളികൾ എന്നിവയിലൂടെ ഉയർന്ന ആത്മാഭിമാനവും കായിക ശേഷിയുമുള്ള കുട്ടികളെ വളർത്തിക്കൊണ്ടു വരിക

3. തൊഴിലധിഷ്ഠിത പഠനങ്ങളിലൂടെ ഭാവി സമൂഹത്തെ വാർത്തെടുക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക

4. ഭാഷ പരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പരിശീലനം നടപ്പിലാക്കുന്നു.

5. ശാസ്ത്രാവബോധം വളർത്തുന്നതിന് വേണ്ട വിധത്തിൽ ശാസ്ത്രമേള പോലെയുള്ള പരിപാടികളിൽ പങ്കെടുപ്പിക്കുക

6. പഠന പ്രവർത്തനങ്ങൾ ആസ്വാദനകരമാക്കി കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുക

## നേട്ടങ്ങൾ

1) കലോത്സവത്തിലെ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും മികച്ച വിജയം ..

2 ) കായികമേളയിൽ ദേശീയ തലത്തിൽ വരെ ഒന്നാം സ്ഥാനം നേടിയ മിടുക്കന്മാർ സ്കൂളിന്റെ അഭിമാന താരങ്ങളായി

3 ) അക്കാദമിക രംഗത്ത് 2025 വർഷത്തെ പത്താം തരം റിസൾട്ടിൽ 100 % വിജയം , 20 യു എസ് എസ് , 13 എൽ എസ് എസ് ചരിത്ര വിജയമായി മാറി .

4)ലിറ്റിൽ കൈറ്സ് ക്ലബിലെ 3 കുട്ടികൾ ജില്ലാതല ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു .

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ നടത്താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ

- 1 മുതൽ 10 വരെയുള്ള ഓരോ ക്ലാസ്സിലും , പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകൾ വിദ്യാർത്ഥി നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്താൻ ഏകീകൃത സ്വഭാവത്തിലുള്ള മാസാന്ത്യപരീക്ഷകൾ നടത്തുക

- പഠന നില തുടർച്ചയായി വിലയിരുത്തുകയും ആവശ്യമായ പിന്തുണ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുക

- ഭാഷ വികസനത്തിന് ദിവസേന സമയം ചെലവഴിക്കാനുള്ള ടൈംചാർട്ട് നിർമ്മിക്കുക

-ദിനാചരണങ്ങൾ അർത്ഥപൂർണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസ്സൂത്രണം ചെയ്യുക

- കുട്ടികളുടെ സമഗ്ര വികാസത്തിന് രക്ഷിതാക്കളെയും ഉൾച്ചേർത്തു കൊണ്ടുള്ള പ്രവർത്തനങ്ങൾ ചെയുക

- SRG മാരുടെ നേതൃത്വത്തിൽ ആഴ്ച തോറും യോഗം ചേരുകയും പ്രവർത്തനങ്ങളുടെ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുക

-എൽ പി തലത്തിൽ ഭാഷ വികസനത്തിന് "ഹാപ്പി ഇംഗ്ലീഷ്" എന്ന പദ്ധതി ലക്ഷ്യമിടുന്നു

- എൽ പി തലത്തിൽ വായന നൈപുണ്യം വളർത്താനായി "100 ദിനം 100 വായന കാർഡ്" എന്ന പദ്ധതി ലക്ഷ്യമിടുന്നു

-പ്രൈമറി തലത്തിൽ ഗോത്ര വർഗ്ഗ വിദ്യാർത്ഥികളുടെ ഹാജർനില വർധിപ്പിക്കുന്നതിന് സൈക്കിൾ നല്കാൻ തീരുമാനിച്ചു

- യു പി വിഭാഗത്തിൽ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനായി " അക്ഷര ജ്വാല' എന്ന പദ്ധതി ലക്ഷ്യമിടുന്നു

-സമഗ്ര ശിക്ഷ കേരളം, കേരളത്തിലെ സ്കൂളുകളിൽ നടത്തുന്ന പഠന പരിപോഷണ പരിപാടി " ഹെല്പിങ് ഹാൻഡ് " പദ്ധതിയുടെ ഭാഗമായി യു പി , എച്ച് എസ് തലത്തിൽ ഇംഗ്ലീഷ് വിഷയത്തിൽ പദ്ധതി നടപ്പിലാക്കി . പദ്ധതി "scaffold " എന്ന പേരിൽ അറിയപ്പെട്ടു .

- കുട്ടിക്കാവശ്യമായ മുഴുവൻ പിന്തുണയും നൽകുക എന്നതിന്റെ അടിസ്ഥാനത്തിൽ "മെന്ററിങ് "എന്ന ആശയം നടപ്പിലാക്കാൻ തീരുമാനമായി

- ആശയ വിനിമയം കുട്ടികളിൽ എത്തിക്കാൻ ഹൈ ടെക്ക് സംവിധാനങ്ങൾ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുക

- ക്ലാസ് പി ടി എ , കോർണർ പി ടി എ എന്നിവ സംഘടിപ്പിക്കുക

- കൗമാരക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ബോധവത്കരിക്കുന്നതിനും " ടീൻസ് ക്ലബ്" പ്രവർത്തനങ്ങൾ നടപ്പിലാക്കുക

- എട്ടാം തരാം വിദ്യാർത്ഥികൾക്ക് **NMMS** പരീക്ഷ പരിശീലനം " **Bridge To Brilliance**" എന്ന പേരിൽ നൽകാനും ഈ പരിശീലനം, തുടർന്ന് കുട്ടികൾ അഭിമുഘീകരിക്കാൻ പോകുന്ന പ്രവേശന പരീക്ഷകൾക്ക് ഉപയോഗ പ്രദമാകും വിധത്തിൽ ആയിരിക്കണമെന്നും തീരുമാനമായി

- പത്താംതരാം വിദ്യാർത്ഥികൾക്ക് ആത്മ ധൈര്യം വളർത്താൻ ഉതകുന്ന "മോട്ടിവേഷൻ ക്ലാസുകൾ "നൽകുക

-ഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്ക് "വിദ്യ വാഹിനി പദ്ധതി "

- ഒന്ന് മുതൽ എട്ട് വരെയുള്ള വിദ്യാർത്ഥികൾക്കുള്ള "ഉച്ചഭക്ഷണ പദ്ധതി "

- നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ ഗൃഹ സന്ദർശനം ഉറപ്പാക്കുക

-മികച്ച കായിക പരിശീലനം കായിക അധ്യാപകർ നൽകുന്നു .അതിൽ ഭിന്ന ശേഷി വിദ്യാർത്ഥികളെ പ്രത്യേകം പരിഗണിക്കുന്നു

- ഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായി "കുട്ടിയും കോലും" എന്ന പേരിലുള്ള കായിക പരിശീലന പദ്ധതി കളിയിലൂടെ പഠനം ഉറപ്പ് വരുത്തി.

-ലഹരിക്കെതിരെ കുട്ടികളുടെ ശ്രദ്ധ തിരിച്ച് വിടാൻ "സുമ്പ "പരിശീലനങ്ങൾ നടപ്പിലാക്കുന്നു

- സ്കൂൾ പഠനോത്സവങ്ങൾ നടപ്പിലാക്കുക

- ഗോത്ര ഫെസ്റ്റുകൾ സംഘടിപ്പിക്കുക

- ഗോത്ര വർഗ്ഗ വിദ്യാർട്ടികൾക്കു അവരുടെ തനതു കലകളിൽ മുൻകൂട്ടി പരിശീലനം നൽകി കലോത്സവങ്ങളിൽ പങ്കെടുപ്പിക്കുക

- ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് അവരുടെ കഴിവികൾ കണ്ടെത്തി പ്രത്യേക പരിശീലനങ്ങൾ നൽകുക

-ഗോത്ര വർഗ്ഗ വിദ്യാർഥികൾക്കു പ്രത്യേക അസംബ്ലി നടത്തിക്കൊണ്ടു അവരെ പ്രത്യേകം പരിഗണിക്കുക

GHS VARAMBETTA

# Academic Master Plan 2025-26

L P



1-IV

## ആമുഖം

അക്കാദമിക മാസ്റ്റർ പ്ലാൻ **(2025-26)**
പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, വരുന്ന അധ്യയന വർഷത്തിൽ ഓരോ കുട്ടിയുടെയും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു കർമ്മപദ്ധതിക്ക് രൂപം നൽകുകയാണ്. എല്ലാ കുട്ടികളെയും അവരുടെ കഴിവിന്റെ പരമാവധിയിലേക്ക് ഉയർത്തുക എന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പ്രധാന ഉദ്ദേശ്യം.
ഭാഷാപരമായ മികവിനായി, ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ "ഹാപ്പി ഇംഗ്ലീഷ് (Happy English)" പദ്ധതിയും, മലയാളത്തിൽ നന്നായി വായിക്കാനും എഴുതാനും "വായനാ കാർഡ് നിർമ്മാണം" എന്ന പ്രവർത്തനവും നടപ്പിലാക്കും. ഇതോടൊപ്പം, ഗണിതം ലളിതവും രസകരവുമാക്കുന്നതിനും, ചുറ്റുപാടുകളെ നിരീക്ഷിച്ച് പഠിക്കുന്നതിന് പരിസര പഠനത്തിലും, ഭാഷാപരമായ വൈവിധ്യത്തിനായി അറബിക് പഠനത്തിലും പ്രത്യേക ഊന്നൽ നൽകുന്നതാണ്. ഈ പ്രവർത്തനങ്ങളിലൂടെ ഓരോ കുട്ടിക്കും എല്ലാ വിഷയങ്ങളിലും ശക്തമായ അടിത്തറ പാകാനും ആത്മവിശ്വാസത്തോടെ മുന്നേറാനും സാധിക്കുമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.

Team L P GHS Varambetta

# GHS VARAMBETTA

## അക്കാദമിക മാസ്റ്റർ പ്ലാൻ ഒന്നാം ക്ലാസ് **2025-26**

### ആമുഖം **(Introduction)**

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്. മലയാളത്തിലും ഇംഗ്ലീഷിലും desenvolturaയോടെ എഴുതാനും വായിക്കാനും സംസാരിക്കാനും ഓരോ കുട്ടിയെയും പ്രാപ്തരാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ കുട്ടിയും രക്ഷിതാവും അധ്യാപകരും ഒരുമിച്ച് നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളിലൂടെയാണ് ഈ പദ്ധതി പൂർത്തിയാക്കുന്നത്. ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു കുട്ടി പോലും പിന്നോട്ട് പോകുന്നില്ല എന്ന് ഉറപ്പാക്കാൻ വേണ്ടി തയ്യാറാക്കിയതാണ്.

### മലയാളം

ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- ലളിതമായ ബാലസാഹിത്യ കഥകളും കൃതികളും വായിച്ച് ആശയം പങ്കുവെക്കാൻ പ്രാപ്തരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് ഉറപ്പുവരുത്തുക.
- രക്ഷിതാക്കളുടെയും അധ്യാപകരുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുകയും അവ നവമാധ്യമങ്ങളിൽ പങ്കുവെക്കുകയും ചെയ്യുക.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുക.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുക.
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കി സർഗ്ഗശേഷികൾ കൈവരിക്കുക.

മാസാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ **:**

- ജൂൺ
  - ചിത്ര കാർഡുകൾ, വായന കാർഡുകൾ എന്നിവയുടെ നിർമ്മാണ ശില്പശാല നടത്തുന്നു.
  - സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കുന്നു.
- ഓഗസ്റ്റ് **(August):**
  - റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ് എന്നിവ നടത്തുന്നു.
  - സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
  - ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു.
- സെപ്റ്റംബർ **(September):**
  - സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
  - സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം നൽകുന്നു.
  - ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
  - കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമാക്കി മാറ്റുന്നു.
- ഒക്ടോബർ **(October):**
  - വായനോത്സവം സംഘടിപ്പിക്കുന്നു.
  - രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
  - കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.

- നവംബർ **(November):**
    - കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു.
    - രചനോത്സവം തുടങ്ങുന്നു.
    - ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ട് സഹിതം എഴുതുന്നു.
    - ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.
- ഡിസംബർ **(December):**
    - ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
    - രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് കൂട്ടെഴുത്ത് നടത്തുന്നു.
    - ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- ജനുവരി **(January):**
    - കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കാൻ ലഘുരചന ശില്പശാലകൾ നടത്തുന്നു.
    - കുട്ടികൾ എഴുതിയ ചെറുകവിതകളും കഥകളും പ്രകാശനം ചെയ്യുന്നു.
    - സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
    - കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- ഫെബ്രുവരി **(February):**
    - ഭാഷോത്സവം, രചനോത്സവം എന്നീ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു.
    - കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
    - സ്വന്തമായി രചനകൾ നടത്തി കുഞ്ഞെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- മാർച്ച് **(March):**
    - കുട്ടികൾ തയ്യാറാക്കിയ കഥകളും കവിതകളും പുസ്തകരൂപത്തിൽ പ്രകാശനം ചെയ്യുന്നു.
    - വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന, സ്വന്തം വായന എന്നിവയ്ക്ക് പ്രോത്സാഹനം നൽകുന്നു.
    - വിലയിരുത്തൽ പ്രവർത്തനങ്ങൾ നടത്തുന്നു.
    - കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയെന്ന് ഉറപ്പാക്കുന്നു.

## English

**Objectives and Learning Outcomes:**
- To handle English fluently.
- Students must be able to read, write and speak English.
- Every child should be able to speak English fluently, like Malayalam.
- Respond to simple instructions in the classroom.
- Describe orally about pictures and objects.
- Familiarise with simple words.
- Enjoy songs and sing them with rhythm and action.
- Familiarise with the names of birds, animals, their young ones and identify them from pictures.

**Month-wise Activities:**
- **June:**
    - Introduce symbol words.
    - Provides picture cards.
- **July:**
    - Identify familiar words.
    - Say familiar words.
    - Read familiar words.
    - Write familiar words.
- **August:**

    - Enjoy songs and sings them with Rhythm and action.
    - Describes orally about pictures and objects using adjectives.
- **September:**
    - Read and write simple words and Simple sentences.
    - Provides picture cards and reading cards.
- **October:**
    - Introduce symbol picture descriptions.
    - Make word chain, sentence chain.
    - Make riddles.
    - Activities with describing words, rhyming words.
- **November:**
    - Prepare reading cards.
    - Provide more opportunities to read, write and speak English.
    - Writes five English words daily.
- **December:**
    - Read and understand simple instructions in the classroom.
    - Encourage digital reading.
- **January:**
    - Enjoy songs and sings them with Rhythm and action.
    - Make picture albums.
    - Collect pictures of animals and its young ones.
- **February:**
    - Provide the opportunity to express myself in the classroom.
    - English assembly once in a week.
- **March:**
    - Speaks English fluently.
    - Read and write simple sentences.
    - Picture reading and picture description.

## അക്കാദമിക് മാസ്റ്റർ പ്ലാൻ - രണ്ടാം ക്ലാസ്സ് GHS VARAMBETTA

ലക്ഷ്യം **(Objective):** രണ്ടാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

## 1. പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് |
| 2. | മധുരം മലയാളം | ജൂൺ മുതൽ മാർച്ച് വരെ |
| 3. | സംയുക്ത ഡയറി | ജൂൺ മുതൽ മാർച്ച് വരെ |
| 4. | പാട്ടരങ്ങ് | ജൂൺ മുതൽ മാർച്ച് വരെ |
| 5. | സചിത്ര പുസ്തകം | ജൂൺ മുതൽ മാർച്ച് വരെ |
| 6. | റീഡേഴ്സ് തിയേറ്റർ | ജൂലൈ മുതൽ മാർച്ച് വരെ |
| 7. | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ മുതൽ മാർച്ച് വരെ |
| 8. | ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം |
| 9. | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ |
| 10. | വായനോത്സവം | ജൂൺ മുതൽ മാർച്ച് വരെ |
| 11. | ഭാഷോത്സവം | ജനുവരി |
| 12. | ഗണിത കേളികൾ | ജൂൺ മുതൽ മാർച്ച് വരെ |
| 13. | ഗണിത കിറ്റ് | ജൂൺ മുതൽ മാർച്ച് വരെ |
| 14. | പരീക്ഷണങ്ങൾ | ഓരോ മാസവും ഓരോന്ന് വീതം |
| 15. | ലഘു പ്രോജക്ട് | ഓരോ മാസവും ഓരോന്ന് വീതം |
| 16. | പരീക്ഷണ കിറ്റ് | ജൂൺ മുതൽ മാർച്ച് വരെ |

## 2. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| വായിക്കാം വളരാം | വായനാശീലം വളർത്തൽ. ലൈബ്രറി ഉപയോഗപ്പെടുത്തുക. | HM, SRG, ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | PTA, CPTA |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ് | വായനയുടെ ആഴം വർദ്ധിപ്പിക്കുക. | HM, SRG, ടീച്ചർ | വർഷം മുഴുവൻ | CPTA |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. സ്വന്തം അനുഭവങ്ങൾ | SRG, ക്ലാസ് ടീച്ചർ, രക്ഷിതാവ് | പ്രതിമാസം (വർഷം മുഴുവൻ) | PTA, CPTA (2000) |

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
| --- | --- | --- | --- | --- |
| | ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | HM, SRG, CPTA, ക്ലാസ് ടീച്ചർ | | PTA |
| സർഗ്ഗോത്സവം/കലാവതരണം | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | SRG, CPTA, ക്ലാസ് ടീച്ചർ | വർഷത്തിലൊരിക്കൽ | PTA |

## 3. Happy English (English Language Learning)

| Activity | Objective | Period | Responsibilities | Financials |
| --- | --- | --- | --- | --- |
| **English Assembly** | To improve the ability to read, speak, and write effectively. | Two days a week (Throughout the year) | Class Teacher | |
| **English Diary** | To develop the ability to write in English without mistakes. | Three days a week (Throughout the year) | Class Teacher | |
| **English Theatre** | To nurture creativity. | Once a month | Class Teacher | SMC |
| **English Magazine** | Development of creative writing skills. | Once in three months / Once a month | HM, Class Teacher, SMC | SMC |
| **English Corner** | To foster reading habits. | Once in two weeks | Class Teacher | Parents (രക്ഷിതാക്കൾ) |
| **English Fest** | To build confidence in handling the English language. | Once a year (During vacation) | SRG, SMC, Class Teacher | PTA Fund |

## 4. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| വിവിധതരം കളികൾ | ഗണിത പഠനം രസകരമാക്കൽ, ചതുഷ്ക്രിയകൾ ലളിതമാക്കൽ. | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ, കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ടീച്ചർ | PTA |
| പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

## 5. അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണത്തിലൂടെ അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ടീച്ചർ | PTA, SSA |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക [പരിചയപ്പെടൽ]. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

**GHS VARAMBETTA** ക്ലാസ്: 3

മലയാളം

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | ആവശ്യമില്ല |
| വായന | | | |
| ക്ലാസ് ലൈബ്രറി വികസനം, അമ്മ വായന | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| വായനാ കാർഡുകൾ തയ്യാറാക്കൽ, വായനാമത്സരം | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| പത്രവായന (ക്ലാസ്സിനൊരു പത്രം) | അധ്യയന വർഷം മുഴുവൻ | അധ്യാപകൻ, കുട്ടികൾ | പി ടി എ |
| ചൊല്ലുകൾ, താളങ്ങൾ | | | |
| കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, വായ്ത്താരികൾ എന്നിവ കണ്ടെത്തി അവതരിപ്പിക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ, കുട്ടികൾ | ആവശ്യമില്ല |
| എഴുത്ത് | | | |
| അക്ഷരങ്ങളും ലഘുവാക്യങ്ങളും എഴുതി പരിശീലിക്കൽ | ജൂൺ - ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| അനുഭവക്കുറിപ്പ്, ലഘു കഥകൾ എന്നിവയുടെ രചന | സെപ്റ്റംബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| കത്തെഴുതൽ, സംഭാഷണം എഴുതൽ | ഡിസംബർ - ഫെബ്രുവരി | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| പ്രസംഗം | | | |
| ലഘു വിഷയങ്ങളിൽ പരിശീലനം | മാസം തോറും | അധ്യാപകൻ | ഇല്ല |
| പ്രസംഗ മത്സരം | ഒക്ടോബർ, ജനുവരി | അധ്യാപകൻ, സി പി ടി എ | സി പി ടി എ |
| കവിതാലാപനം | | | |
| കവിതകൾ കണ്ടെത്തി ചൊല്ലി പരിശീലിക്കൽ | അധ്യയന വർഷം മുഴുവൻ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ആലാപന മത്സരം | ആഗസ്റ്റ്, ഫെബ്രുവരി | അധ്യാപകൻ, സി പി ടി എ | സി പി ടി എ |
| നാടകം (സ്കിറ്റ്) | | | |
| പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി ലഘുനാടകങ്ങൾ തയ്യാറാക്കി അവതരിപ്പിക്കൽ | നവംബർ - ഡിസംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| എഴുത്തുകാരെ അറിയാം | | | |
| പ്രധാന ബാലസാഹിത്യകാരന്മാരെ പരിചയപ്പെടൽ (ചിത്രങ്ങൾ, കുറിപ്പുകൾ) | ജൂലൈ, ഒക്ടോബർ, ജനുവരി | അധ്യാപകൻ | പി ടി എ |

ഗണിതം

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | ആവശ്യമില്ല |
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ | ജൂൺ - ജൂലൈ | അധ്യാപകൻ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |

പരിസരപഠനം

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| റോഡ് സുരക്ഷ: ലളിതമായ നിയമങ്ങൾ ചർച്ച ചെയ്യൽ, ട്രാഫിക് ചിഹ്നങ്ങൾ പരിചയപ്പെടൽ, പോസ്റ്റർ നിർമ്മാണം | ജൂൺ | അധ്യാപകൻ, ജെ ആർ സി യൂണിറ്റ് | പി ടി എ |
| ചുറ്റുപാടിനെ അറിയാം: പ്രകൃതി നടത്തം, സസ്യങ്ങളെ തരംതിരിക്കൽ, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം നിരീക്ഷിക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ, കുട്ടികൾ | ആവശ്യമില്ല |
| പ്രകൃതി സംരക്ഷണം: മഴക്കുഴി നിർമാണം, വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനക്ക് | ആഗസ്റ്റ് - സെപ്റ്റംബർ | അധ്യാപകൻ, ഹരിതകർമ്മസേന, പി ടി എ | പി ടി എ |

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| കൈമാറൽ | | | |
| വ്യക്തി ശുചിത്വം: കൈ കഴുകൽ പരിശീലനം, ശുചിത്വ സന്ദേശങ്ങൾ തയ്യാറാക്കി വിദ്യാലയത്തിൽ പതിക്കൽ | സെപ്റ്റംബർ - ഒക്ടോബർ | ജെ ആർ സി യൂണിറ്റ്, അധ്യാപകൻ | പി ടി എ |
| ആഹാരം, ആരോഗ്യം: ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ, പച്ചക്കറിത്തോട്ട നിർമ്മാണം | നവംബർ - ഡിസംബർ | അധ്യാപകൻ, കുട്ടികൾ, പി ടി എ | പി ടി എ |
| ജലം ജീവാമൃതം: ജലത്തിന്റെ പ്രാധാന്യം, സംരക്ഷണ മാർഗങ്ങൾ - ചർച്ച, ചിത്രരചന | ജനുവരി - ഫെബ്രുവരി | അധ്യാപകൻ, കുട്ടികൾ | ആവശ്യമില്ല |

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To identify and write alphabets (Capital and Small letters) | PRE-TEST, Writing simple three-letter words | June - July | Teacher, Students | PTA |
| To read and understand simple words and sentences | Circle the word from TB and read, Reading picture storybooks | August - September | Teacher, Students | Nil |
| **Happy English Project** | | | | |
| Practice a conversation a day | Framing and practicing simple conversations like self-introduction, asking for things, seeking permission. (e.g., "My name is...", "Can I have a pencil?", "May I come in?") | Academic year | Teacher, Students | Nil |
| Word of the Day | Introduce a new English word each day, with its meaning and usage in a simple | Academic year | Teacher | Nil |

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| | sentence. | | | |
| Action Songs and Rhymes | Learning and performing simple English rhymes with actions. | Throughout the year | Teacher, Students | Nil |
| Create more opportunities for English speaking in the classroom | Classroom communication should be encouraged in English. | Academic year | Teacher, Students, Parents | Nil |
| | - Basic Greetings: "Hello," "Good morning," "Good afternoon," "Thank you," "Sorry." | | | |
| | - Simple Questions: "What is your name?", "How are you?", "What is this?" | | | |
| | - Classroom Commands: "Sit down," "Stand up," "Open your book." | | | |
| | - Seeking Permission: "May I go to the toilet?", "May I drink some water?" | | | |
| Reading and Writing Practice | Picture-based story creation, Reading aloud simple paragraphs | October - January | Teacher, Students | Nil |
| Vocabulary Building | English vocabulary games, creating a personal picture dictionary | February - March | Teacher, Students | PTA |

## മലയാള ഭാഷ (Std IV)

| | | | | |
|---|---|---|---|---|
| മധുരം മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യു മെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസ രണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ ങ്ങൾ പരിചയപ്പെ ടൽ | ഭക്ഷ്യമേള - പാചക കുറിപ്പട ങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാ രുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാ ഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസ രണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചാ യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ ത്തോടെ അവതരി പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി ക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | [illegible] | 4/7 |

## പരിസരപഠനം (Std IV)

| | | | | |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശരേ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# ഗണിതം (Std IV)

| കളിക്കാം..ഗണിക്കാം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉത്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

## GHS VARAMBETTA

# Academic Master Plan- Arabic

## I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അക്ഷരവായന | ക്ലാസ് വായന<br><br>ലൈബ്രറി വായന<br><br>ചിത്ര വായന<br>മാഗസിൻ<br>വീട്ടുവായന കഥാ<br>വായന<br>വായനാമത്സരങ്ങ<br>ൾ | I-II<br>III-IV<br>I-IV<br>III-IV<br>I-IV<br><br>III-IV<br><br>II-III-IV | ജൂൺ-ഫെബ്രു<br>വരി<br>ജൂൺ-ഫെബ്രു<br>വരി<br>നവംബർ-ഡിസം<br>ബർ<br>നവംബർ-ഡിസം<br>ബർ<br>നവംബർ-ഡിസം<br>ബർ<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| ഭാഷ<br>സംസാരിക്കുന്നതി<br>ന്<br>ആത്മവിശ്വാസം<br>ഉണ്ടാക്കുന്നതിന് | ഇ-ടെക്സ്റ്റ്<br>ഉപയോഗിച്ച്<br>അതിലുള്ള<br>സംഭാഷണങ്ങൾ<br>കേൾപ്പിക്കുന്നു<br>ലാംഗ്വേജ്<br>ഗെയിംസ് റോൾ<br>പ്ലേ സംഭാഷണം<br>കാർട്ടൂൺ<br>പ്രദർശനം<br>പദസമ്പത്ത്<br>വർദ്ധിപ്പിക്കൽ<br>ഡ്രമാറ്റൈസേഷൻ | I-IV<br><br><br><br><br><br><br>I-IV<br>I-IV<br>I-IV<br>I-IV<br>I-IV<br>III-IV<br><br><br>I-IV | ജൂലൈ-മാർച്ച്<br>ജൂലൈ-മാർച്ച്<br>ജൂലൈ-മാർച്ച്<br>ആഗസ്റ്റ് ആഗസ്റ്റ്-<br>ഫെബ്രുവരി<br>ഫെബ്രുവരി<br>ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ PTA |
| അറബി ഭാഷാ<br>എഴുത്തിന്റെ<br>പരിപോഷണം | അക്ഷരങ്ങൾ<br>ഉറപ്പിക്കൽ<br>പദങ്ങൾ<br>ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ<br>ഉറപ്പിക്കൽ കൂട്ടി<br>എഴുത്ത്<br>അക്ഷരക്കാർഡ്<br>നിർമ്മാണം<br>കൈയ്യെഴുത്ത് | III-IV<br><br>I-II<br><br>I-II<br><br>I-II<br>I-II<br><br>I-II | ജൂൺ-മാർച്ച്<br><br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br><br>ജൂൺ-മാർച്ച്<br>ഡിസംബർ<br><br>സപ്തംബർ-മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| | മാസിക ചുമർ പത്രിക നിർമ്മാണം | I-II | സപ്തംബർ-മാർച്ച് | | |
| | ചാർട്ടെഴുത്ത് | III-IV | ഒക്ടോബർ ഫെബ്രുവരി | | |
| | ചിത്രകഥ നിർമ്മിക്കൽ | III-IV | | | |

UP
SECTION

# 2025-2026

# ACADEMIC MASTER PLAN

G H S VARAMBETTA

# (UP SECTION)

## MALAYALAM

| ക്രമ.ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• വാക്യങ്ങൾ നിർമ്മിക്കൽ | രണ്ടുമാസം | അധ്യാപകർ | എസ്.ആർ.ജി |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• വായന മൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>• സമീപ ഗ്രന്ഥശാല അംഗത്വം<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• പുസ്തക ചർച്ച<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ വിപുലീകരിക്കൽ | ആറുമാസം | ക്ലാസ് ലൈബ്രറിയൻ, വിദ്യാരംഗം | പി.ടി.എ. ബി.ആർ.സി |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • എഴുത്തുകൂട്ടം രൂപീകരണം<br>• പുസ്തക ചർച്ച<br>• സാഹിത്യകാരന്മാരുമായി സംവാദം,അഭിമുഖം<br>• സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി<br>• ഭാഷാ പ്രൊജക്റ്റ്, ചുമർ പത്രിക<br>• സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | ഒരു വർഷം | എച്ച്.എം., മലയാളം ക്ലബ്ബ്, ക്ലാസ് ലൈബ്രറി | 1000/-<br>എസ്.എം.സി, പി.ടി.എ. ബി.ആർ.സി |

| ക്രമ.ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
